# തവസ്സുൽ

[ Malayalam - മലയാളം - مليالم ]

## [ التوسل بالأولياء والصالحين]

.


അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി

عبد الطيف سلّمي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
സുലൈ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالسلي بمدينة الرياض
المملكة العربية السعودية

Web Edition by:
islamhouse.com
1431- 2010

بسم الله الرحمن الرحيم

സർവ്വസ്തുതിയും ജഗപരിപാലകനായ അല്ലാഹുവിന്, അവന്റെ ദൂതരിൽ അന്തിമനായ മുഹമ്മദ്നബി(ﷺ)യിലും കുടുംബ ത്തിലും ബന്ധുമിത്രാദികളിലും അല്ലാഹുവിന്റെ കരുണാ കടാക്ഷങ്ങൾ എന്നെന്നും വർഷിക്കുമാറാകട്ടെ (ആമീൻ).

ഇന്ന് മുസ്ലിംകൾക്കിടയിൽ തങ്ങളുടെ രക്ഷിതാവിനെക്കുറിച്ചുള്ള അജ്ഞതയുടേയും യഥാർത്ഥ മതത്തിൽനിന്നുള്ള അകൽച്ചയുടേയും ഫലമായി ഒരുപാട് ശിർക്കൻ ആചാരങ്ങളും ബിദ്അത്തുകളും ഖുറാഫാത്തുകളും കടന്നുകൂടുകയും പുരോഹിത വേഷധാരികളുടെ അംഗീകാരത്തോടെ പാമര ഭൂരിപക്ഷത്തിന്നിടയിലത് വേരുറക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് ഒരുയാഥാർത്ഥ്യമാണ്. അത്തരത്തിലുള്ള വളരെ മാരകമായ ഒന്നാണ് ഔലിയാക്കളെന്നപേരിൽ ചിലരെ ബഹുമാനിക്കുകയും അവർ തങ്ങൾക്കുപകാരങ്ങൾ ചെയതു തരികയും തങ്ങൾക്കു നേരിടുന്ന ഉപദ്രവങ്ങളിൽനിന്നും തങ്ങളെ രക്ഷപ്പെ ടുത്തുകയും ചെയ്യുമെന്ന വിശ്വാസത്തിൽ  അവരോട് പ്രാർത്ഥിക്കുകയും അവർക്കായി അത്തരത്തിലുള്ളവരുടെ മഖ്ബറകളിലേക്ക് നേർച്ച വഴിപാടുകൾ നേരുകയും അവരുടെ ഖബറുകളിൽ തൊട്ടുമുത്തി ബർക്കത്തെടുക്കുകയും ചെയ്തുവരുന്നു എന്നുള്ളത്. എന്നാലിത്തരം പ്രവർത്തനത്തിലൂടെ, അവർ അവരുടെ ആവശ്യപൂർത്തീകരണത്തിനും അപകട നിവാരണത്തിനുമായി മേൽപറയപ്പെട്ട മഹാത്മാക്കളെ അല്ലാഹുവിലേക്ക് വസീലയാക്കുക (കാര്യംനേടിത്തരാനുള്ള ഇടയാളനാക്കുക) മാത്രമാണ് ചെയ്യുന്നത് എന്നാണവരുടെ വാദം!?. ഇത്തരത്തിലുള്ള പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന വിവരമില്ലാത്തവരായ ഇക്കൂട്ടർ ഖുർആനിലേക്കും  പ്രവാചക ചര്യയിലേക്കും മടങ്ങുകയും അവ മനസ്സിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ ഏതൊക്കെയാണ് അനുവദിക്കപ്പെട്ട തവസ്സുൽ എന്നവർക്ക് ബോധ്യപ്പെടുമായിരുന്നു.

ഇസ്ലാം അനുവദിക്കുന്ന തവസ്സുൽ അല്ലാഹുവിനേയും റസൂലി(ﷺ) നേയും അനുസരിച്ചു കൊണ്ട് അല്ലാഹുവും റസൂലും ആവശ്യപ്പെടുന്നത് അനുസരിച്ചും, വിരോധിച്ചത് കയ്യൊഴിച്ചും ജീവിച്ച് പുണ്യകർമ്മങ്ങളനുഷ്ഠിക്കുക എന്നതാണ് മുഖ്യമായിട്ടുള്ളത്. അതുപോലെ അല്ലാഹുവിന്നുള്ളതായ ഉത്തമമായ നാമങ്ങളും ഉന്നതങ്ങളായ വിശേഷ

ണങ്ങളും മുൻ നിറുത്തിക്കൊണ്ട് ചോദിക്കുക എന്നതും അല്ലാഹുവിലേക്കുള്ള വസീലയാക്കാവുന്നതാണ്. മററൊന്ന് ജീവിച്ചിരിക്കുന്നവരും സമീപസ്തരുമായ സജ്ജനങ്ങളെക്കൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിപ്പിക്കുക എന്നതുമാണ്.

വിശുദ്ധഖുർആൻ സൂറത്ത് മാഇദയിലെ 35ാം വചനത്തിൽ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ (المائدة 35).

''വിശ്വാസികളേ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവങ്കലേക്ക് വസീല:(അടുക്കാനുള്ള മാർഗ്ഗം തേടുകയും ചെയ്യുക''.(മാഇദ: 35).

മേൽകൊടുത്ത ആയത്തിന് പ്രാമാണിക തഫ്സീറുകളിലെല്ലാം പുണ്യകർമ്മങ്ങളിലൂടെ അല്ലാഹുവിലേക്കടുക്കുക എന്നുമാത്രമാണ് കാണാൻ കഴിയുക. അതല്ലാതെ ഇന്നൊരു വിഭാഗം പ്രചരിപ്പിക്കുകയും അനുവർത്തിക്കുകയും ചെയ്യുന്നതുപോലെ ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ആയ മഹാത്മാക്കളിലൂടെ അല്ലാഹുവിലേക്കടുക്കുക എന്നത് ഖുർആനോ ഹദീസോ പഠിപ്പിച്ചിട്ടില്ല എന്നു മാത്രമല്ല ഖുർആനിൻേറയും സുന്നത്തിൻേറയും ആശയങ്ങൾക്ക് വിരുദ്ധവുമാണ്. നബി(ﷺ) വളർത്തിയെടുത്ത, അല്ലാഹു പ്രശംസിച്ച സമൂഹത്തിൽ നിന്നും മേൽപറഞ്ഞ തവസ്സുലിന് മാതൃകകാണാൻ കഴിയുകയുമില്ല. മഹാത്മാക്കളുടെ മഖ്ബറകൾക്കരികിൽ ചെന്ന് അഭൗതികനിലക്കുള്ള വിനയപ്രകടനം, പ്രാർത്ഥന, ഖബറുകളെ തവാഫുചെയ്യൽ അവർക്കായി നേർച്ച നേരൽ, അവരുടെ ജാറങ്ങളിൽ ആവശ്യ പൂർത്തീകരണത്തിന്നായി കാണിക്കകൾ സമർപ്പിക്കൽ എന്നിവയൊന്നും അംഗീകൃത തവസ്സുലുകളിൽ പെടുകയില്ല. അവകളെല്ലാം ശിർക്കും കുഫ്റുമാണ് അല്ലാഹു നമ്മെ കാത്ത്രക്ഷിക്കട്ടെ (ആമീൻ).

ഉമർ(رضي الله عنه)തൻെറ ഭരണകാലത്ത് മഴകിട്ടാതെ ബുദ്ധിമുട്ടനുഭവപ്പെട്ടപ്പോൾ നബി(ﷺ)യുടെ പിതൃവ്യനായ ജീവിച്ചിരിക്കുന്ന തൻെറ സമീപത്തുള്ള അബ്ബാസ്(رضي الله عنه)വിനെ കൊണ്ട് പ്രാർത്ഥിപ്പിച്ച് മഴലഭിച്ച സംഭവമാണ് ചില തൽപ്പര കക്ഷികൾ മേൽപറഞ്ഞ ശിർക്ക് പ്രചരിപ്പിക്കാൻ തെളിവാക്കി കാണിക്കാറുള്ളത്. എന്നാലിവിടെ ഉമർ(رضي الله عنه), ജീവിച്ചിരിക്കുന്ന തൻെറ കൂടെ സമീപത്തുള്ള വ്യക്തിയെക്കൊണ്ട് പ്രാർത്ഥിപ്പിക്കുക എന്ന അനുവദനീയമായൊരു കാര്യം മാത്രമാണ് ചെയ്തിട്ടു

ള്ളത്. ഇവിടെ ഒരിക്കലും വ്യക്തിയെ തവസ്സുലാക്കലുണ്ടായിട്ടില്ല. മരണപ്പെട്ടവരോടും സ്ഥലത്തില്ലാത്തവരോടും തവസ്സുൽ പാടില്ല, പ്രവാചകൻ(ﷺ) പഠിപ്പിച്ചിട്ടില്ല എന്നതിനാണ് ഈ സംഭവം തെളിവാകുന്നത്. ഉമർ(ﷺ)അന്നേരം ആമുഖമായി പറഞ്ഞവാക്കുകളിൽനിന്ന് തന്നെ നമുക്കത് മനസ്സിലാക്കാവുന്നതാണ്.

اَللّٰهُمَّ إِنَّا كُنَّا نَتَوَسَّلُ إِلَيْكَ بِنَبِيِّنَا فَتَسْقِينَا، وَإِنَّا نَتَوَسَّلُ إِلَيْكَ بِعَمِّ نَبِيِّنَا فَاسْقِنَا. فَيُسْقَوْنَ (البخاري).

''അല്ലാഹുവേ ഞങ്ങൾ ഞങ്ങളുടെ പ്രവാചകനെ നിന്നിലേക്ക് മദ്ധ്യസ്ഥനാക്കി (പ്രാർത്ഥിപ്പിക്കുകയും) നീ ഞങ്ങൾക്ക് മഴനൽകുകയും ചെയ്തിരുന്നു. ഇന്നു ഞങ്ങളിതാ പ്രവാചകന്റെ പിതൃവ്യനെ മദ്ധ്യസ്ഥനാക്കിക്കൊണ്ട് നിന്നോട് (പ്രാർത്ഥിപ്പിക്കുന്നു) നീ ഞങ്ങൾക്ക് മഴനൽകേണമേ. അവർക്ക് മഴ ലഭിക്കുകയുംചെയ്തു.'' (ബുഖാരി).

മഹാത്മാക്കളെ തവസ്സുലാക്കൽ അനുവദനീയമായിരുന്നുവെങ്കിൽ സ്വഹാബികൾ നിറഞ്ഞുനിൽക്കുന്ന സദസ്സിൽവെച്ച് ഉമർ(ﷺ), നബി(ﷺ)യെ ഒഴിവാക്കി നബി(ﷺ)യുടെ പിതൃവ്യനായ അബ്ബാസ്(ﷺ)നെ ഇമാമാക്കി പ്രാർത്ഥിപ്പിക്കുമായിരുന്നില്ല. സ്വഹാബികളിലൊരാൾക്ക് പോലും നബി(ﷺ)യുടെ ഹഖ്, ജാഹ്, ബർക്കത്ത് എന്നിവകൊണ്ട് ചോദിക്കാമെന്നോ, അതല്ലെങ്കിൽ നമുക്ക് നബി(ﷺ)യുടെ ഖബറിന്നടുത്ത് പോയി നബിയെ തവസ്സുലാക്കാമെന്നോ നബി(ﷺ)യോട് ഇസ്തിഗാസ നടത്താമെന്നോ ഒരാളും പറഞ്ഞിട്ടില്ല. അക്കാരണത്താൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നബി(ﷺ) കൊണ്ടുവന്ന ദീനിൽ പെട്ടതല്ല എന്ന കാര്യത്തിൽ സ്വഹാബികളുടെ ഇജ്മാഅ് (അഭിപ്രായ ഐക്യം) ഉള്ളതായും മനസ്സിലാക്കാൻകഴിയും.

ഇക്കാര്യം ജീവിച്ചിരിക്കുന്ന ഒരാളെക്കൊണ്ട് നമുക്ക്വേണ്ടി പ്രാർത്ഥിപ്പിക്കാം എന്നതിലേക്ക് മാത്രമാണ് തെളിവ്. ഇനി ആളുകൾ ബർക്കത്ത് ചോദിച്ചും സഹായംതേടിയും പോയിക്കൊണ്ടിരിക്കുന്ന മരണപ്പെട്ടവരുടെ കാര്യമെടുത്താൽ, അവർ അവരുടെ മരണ ശേഷം അവർക്ക് തന്നെ എന്തെങ്കിലും ഉപകാരം ചെയ്യുവാനുള്ള കഴിവില്ലാത്തവരാണ്. തനിക്കുതന്നെ എന്തെങ്കിലും ഉപകാരം ചെയ്യാൻ കഴിവില്ലാത്തവർക്ക് എങ്ങിനെയാണ് അ ന്യരെ സഹായിക്കാൻ കഴിയുക !?.

ഇക്കാര്യം സാമാന്യബുദ്ധിയെങ്കിലുമുള്ള ഏതൊരാൾക്കും മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. മനുഷ്യകഴിവുകൾ മരണത്തോടു കൂടി അവസാനിക്കുമെന്ന കാര്യം പ്രവാചകൻ(ﷺ) വ്യക്തമാക്കി തന്നിട്ടുമുണ്ട്. അവിടുന്ന് പറയുന്നത്കാണുക:

إِذَا مَاتَ ابْنُ آدَمَ انْقَطَعَ عَنْهُ عَمَلُهُ إلاَّ مِنْ ثَلاَثٍ: صَدَقَةٍ جارِيَةٍ أَوْ علم يُنْتَفِعُ بِـهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ (مسلم)

''ഒരു മനുഷ്യൻ മരണപ്പെട്ടുകഴിഞ്ഞാൽ മൂന്ന് കാര്യങ്ങളൊഴിച്ച് അവന്റെ മറ്റെല്ലാ പ്രവർത്തനങ്ങളും നിലച്ചുപോകുന്നതാണ്. സ്ഥായിയായ ദാനധർമ്മം, ഉപകാരപ്രദമായ അറിവ്, തനിക്ക് പ്രാർത്ഥിക്കുന്ന സ്വാലിഹായ മക്കൾ എന്നിവയത്രെ അത്'' ( മുസ്ലിം).

മേൽകൊടുത്ത ഹദീസിൽനിന്നും മരണപ്പെട്ടു പോയവർ ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകളും പാപമോചനാർത്ഥനകളും ആവശ്യമുള്ളവരാണ് എന്നാണ് മനസ്സിലാക്കേണ്ടത് അല്ലാതെ അവർ ജീവിച്ചിരിക്കുന്നവരെ സഹായിക്കും എന്നല്ല. മരണത്തോടെ മനുഷ്യന്റെ പ്രവർത്തങ്ങളെല്ലാം നിലച്ചുപോകുമെന്ന് പ്രവാചകൻ(ﷺ) പറഞ്ഞു തന്നാൽ അതിന്നെതിരായി അവർ ഖബറുകളിൽ ജീവിച്ചിരിക്കുമെന്ന് മുഅ്മിനുകളെങ്ങനെ വിശ്വസിക്കും!? അവർക്കെങ്ങനെ മററുള്ളവരുമായി സമ്പർക്കം പുലർത്താനും, അവരെ സഹായിക്കാനും കഴിയും!? എല്ലാം നഷ്ടപ്പെട്ടവന് എങ്ങനെ അന്യർക്ക് നൽകാൻ കഴിയും!? അവരോട് പ്രാർത്ഥിച്ചാൽ അത്പോലും അവർക്ക് കേൾക്കാനാകില്ലെന്നാണ് അല്ലാഹു പറയുന്നത്:

وَالَّذِينَ تَدْعُونَ مِنْ دُونِهِ ماَ يَمْلِكُونَ مِنْ قطمير إِنْ تَـدْعُوهُم لاَ يَسْـمَعُوا دُعاَءَكُـمْ وَلَـوْ سَمِعُوا ماَ اسْتَجَابُوا لَكُمْ وَيَوْمَ الْقِياَمَةِ يَكْفُرُونَ بِشِرْكِكُمْ (الفاطر 13، 14)

''അല്ലാഹു, അവനു പുറമെ നിങ്ങളാരോട് പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴ കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങളവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. (ഇനി) കേട്ടാൽ തന്നെയും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. അന്ത്യനാളിലാകട്ടെ നിങ്ങളവരെ (അല്ലാഹുവോട്) പങ്ക് ചേർത്തതിനെ'(നിങ്ങൾ ചെയ്ത ശിർക്കിനെ) അവർ' നിഷേധിക്കുകയും ചെയ്യും (ഫാത്വിർ 13, 14).

അല്ലാഹുവിന്നു പുറമെ പ്രാർത്ഥിക്കപ്പെടുന്നവർ യാതൊന്നും ഉടമപ്പെടുത്തുന്നവരല്ലെന്നും അവർക്ക് വല്ലതും കേൾക്കുവാനോ കേട്ടാൽ തന്നെ ഉത്തരം നൽകുവാനോ, കഴിയുകയില്ലെന്ന് അല്ലാഹു വ്യക്തമാക്കിയാൽ പിന്നെ അത്തരക്കാരോടുള്ള സഹായമർത്ഥന തന്നെ പാടില്ലാത്തതാണ്. തന്നെയുമല്ല അല്ലാഹുവിനല്ലാതെ നിർവ്വഹിക്കുന്ന ആരാധനകളെല്ലാം നിരർത്ഥകമാണെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുള്ളതാണ്:

**وَلاَ تَدْعُ مِنْ دُونِ اللهِ مَالاَ يَنْفَعُكَ وَلاَ يَضُرُّكَ فَإِنْ فَعَلْتَ فإنَّكَ إِذَا مِنَ الظَّالِمِينَ وَإِنْ يَمْسَسْكَ اللهُ بِضُرٍّ فَلاَ كاشِفَ لَهُ إلا هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلاَ رَادَّ لِفَضْلِهِ (يونس 106، 107).**

''അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തുന്ന പക്ഷം, അവനെ കൊണ്ടല്ലാതെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്കു വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവൻെറ അനുഗ്രഹത്തെ തട്ടിമാററാനും ഒരാളുമില്ല.'' (യൂനുസ് 107, 108).

പ്രസ്തുത ഖുർആൻ വചനത്തിൽനിന്നും അല്ലാഹുവിനു പുറമെ ആരോട് പ്രാർത്ഥിച്ചാലും അവർക്കൊന്നും തന്നെ യാതൊരു വിധത്തിലുള്ള ഉപകാരം ചെയ്യുവാനോ, ഉപദ്രവമുണ്ട ാക്കുവാനോ സാധ്യമല്ലെന്ന കാര്യം വ്യക്തമാണ്. അപ്പോൾ പിന്നെ എനിക്ക് ഇന്ന ജാറത്തിൽ പോയ കാരണത്താൽ ഇന്ന ഇന്ന നേട്ടങ്ങളുണ്ടായി, അതല്ലെങ്കിൽ ഇന്ന ശൈഖിനോട് പ്രാർത്ഥിച്ചതിനാൽ എൻെറ മുറാദുകൾ ഹാസ്വിലായി (ഉദ്ദേശ്യങ്ങൾ സഫലമായി) എന്നെല്ലാം പറയുന്നതിൽ യാതൊരു കഴമ്പുമില്ലെന്നും, അത് അല്ലാഹുവിനെ കള വാക്കലാണെന്നും മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. ഇനി അത്തരക്കാർക്ക് വല്ലതും നേടാൻകഴിഞ്ഞാൽ തന്നെ അത് താഴെ പറയുന്ന രണ്ടാലൊരു കാരണങ്ങളാൽ ആയിരിക്കും.

ഒന്നുകിൽ അത് പിശാചിൽ നിന്നുള്ളതായിരിക്കും. കാരണം പിശാചുക്കളാണ് അത്തരത്തിലുള്ള വിഷയങ്ങൾക്ക് മനുഷ്യനെ സത്യത്തിനെതിരെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുക. മഖ്ബറകൾക്കടുത്തും

വിഗ്രഹങ്ങൾക്കരികിലും പിശാചുക്കൾ പ്രത്യക്ഷപ്പെടുകയും ആളുക ളെ വഴി പിഴപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുമെന്നതും തർക്കമററ കാര്യമാണ്. പിശാച് സഹായം തേടപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് ജോൽസ്യന്മാരോട് സംസാരിക്കുന്നപോലെ സംസാരിക്കുകയും, മനുഷ്യനെ പരീക്ഷിക്കുവാനായി പലതും അവർ പറയുകയും പ്രവർത്തിക്കുകയും ചെയ്തേക്കും. അതിലൽപ്പം സത്യ മുണ്ടായി എന്നും വന്നേക്കാം. അങ്ങനെ സാധാരണ മനുഷ്യർക്ക് കഴിയാത്ത എന്തെങ്കിലും ആ പിശാചുക്കൾ പറയുകയും അത് ഈമാ നില്ലാത്ത ആളുകൾ  ഏററുപറയുകയും ചെയ്യുന്നതാണ് ഇന്ന് നാം കണ്ടുവരുന്നത്. ഇത് തന്നെയാണ് വിഗ്രഹ പൂജാരികളുടെ കാര്യ ത്തിലും നാം കണ്ടുവരുന്നത്. അവരും ഉറഞ്ഞു തുള്ളിയും മററും പലതും വിളിച്ചുപറഞ്ഞു കാര്യങ്ങളിൽ സാധാരണക്കാരെ ആശയക്കു ഴപ്പ ത്തിലാക്കുന്നു  എന്നതാണ് ശരി.

ഇനി അതല്ലെങ്കിൽ ഔലിയാക്കളോട് സഹായം തേടിയും ജാറ ങ്ങളിൽ പോയും കാര്യങ്ങൾ നേടുന്നു എന്നു പറയുന്നത്, ഒരു പ ക്ഷേ അല്ലാഹു അക്കാര്യം അവർക്ക് മുൻകൂട്ടിത്തന്നെ തീരുമാനിച്ച താകും. ആകാശഭൂമികളുടെ സൃഷ്ടിപ്പിന് അമ്പതിനായിരം കൊല്ലം മുമ്പു തന്നെ അല്ലാഹു എല്ലാം രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാ ൽ അതിനുള്ള സമയം അപ്പോൾ മാത്രമേ ആയിട്ടുള്ളൂ എന്നുമാത്രം. അതല്ലാതെ അതിനു ജാറവുമായോ ശൈഖിൻെറ ബർക്കത്തുമായോ ഒരു നിലക്കുള്ള ബന്ധവുമില്ല. അതിലപ്പുറമുള്ള വിശ്വാസം മുഅ്മിനു കൾക്ക് പാടില്ലാത്തതുമാണ്. അതുകൊണ്ടു തന്നെ വിശ്വാസികൾ അ ത്തരത്തിലുള്ള ഖുറാഫാത്തുകളിൽ വിശ്വസിക്കാതെ അവരുടെ ആവ ശ്യങ്ങളെല്ലാം പടച്ചതമ്പുരാനിൽ  സമർപ്പിച്ച് അവ നേടിയെടുക്കാൻ അവനെ മാത്രം ആശ്രയിക്കേണ്ടതുമാണ്. തന്നെപ്പോലുള്ള സൃഷ്ടിക ളോട് അഭൗതികമായ കാര്യങ്ങളെ തേടിക്കൂടാത്തതുമാണ്. മഖ്ബറക ളിൽ അടക്കം ചെയ്യപ്പെട്ടവർക്ക് അവരുടെ ശരീരത്തിലെ  മൺതരിക ൾ പോലും  തട്ടിനീക്കാനാകില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പിശാചുക്കളാകട്ടെ മനുഷ്യന്, അവനിൽ സംഭവിക്കുന്ന  തെററുകളെ അവർക്ക് ഭംഗിയാക്കി കാണിച്ചു കൊടുക്കുക തന്നെ ചെയ്യും!. അതാ കട്ടെ മനുഷ്യനെ സൃഷ്ടാവിൽനിന്നകററുന്നു; പിന്നീടവൻെറ കണ്ണുക ളെ അന്ധതയിലാക്കുകയും ഹൃദയയത്തെ മരവിപ്പിക്കുകയും ചെയ്യു ന്നു.

## കറാമത്ത് വാദം

ഇന്ന് നിരർത്ഥകമായ തവസ്സുലിനെ പ്രോത്സാഹിപ്പിക്കുകയും ഉപജീവനമാർഗ്ഗമാക്കുകയും ചെയ്യുന്ന ആളുകൾ പറയുന്ന മറെറാരു വാദം, സാധാരണക്കാരായ ആളുകൾ അന്യോന്യം സാധാരണ കാര്യ ങ്ങളിൽ സഹായിക്കുന്നതുപോലെ അസാധാരണക്കാരായ ആളുകൾ അവരുടെ കറാമത്ത് മുഖേനയും സഹായിക്കും എന്നതാണ്. എന്നാ ൽ ജനങ്ങളിൽ അധിക പേരും മുഅ്ജിസത്തിനേയും കറാമത്തിനേ യും ശരിയായ നിലയിൽ മനസ്സിലാക്കുന്നില്ല. പുരോഹിതരാകട്ടെ അ വയുടെ കാര്യത്തിൽ സാധാരണക്കാർക്കിടയിൽ ആശയക്കുഴപ്പമു ണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇന്ന് നാട്ടിൽ നടക്കുന്ന എല്ലാ ഖുറാഫാത്തുകളും കറാമത്തിൻെറ പേരിലാണ് ആളുകൾ എഴുതി ചേർക്കാറുള്ളത്. യഥാർത്ഥത്തിൽ മുഅ്ജിസത്തും, കറാമത്തും, അത് രണ്ടും അല്ലാഹുവിൽ നിന്നുള്ളതാണ്. മുഅ്ജിസത്ത് പ്രവാചകന്മാരു ടെ രിസാലത്ത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് ജനങ്ങളെ ബോധ്യ പ്പെടുത്താൻ അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രം നബിമാരിലൂടെ പ്ര കടിപ്പിക്കുന്നതും. കറാമത്ത് ജനങ്ങളിൽ നിന്നും അല്ലാഹുവിന് ഇഷ്ട മുള്ള പ്രവർത്തനങ്ങൾ മാത്രം പ്രവർത്തിച്ച് അവനിലേക്ക് അടുത്തവ ർക്കുള്ള ബഹുമതിയായി അവൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ അവൻ ഉദ്ദേശിക്കുമ്പോൾ അല്ലാഹു അവർക്ക് നൽകുകയോ, അതല്ലെങ്കിൽ അവരിലൂടെ പ്രകടിപ്പിക്കുകയോ ചെയ്യുന്ന കാര്യങ്ങളുമാണ്. മുഅ്ജി സത്ത് ആളുകളെ കാണിക്കൽ നിർബന്ധമാണ്; കറാമത്ത് അങ്ങിനെ യുള്ളതല്ല. എന്നാലിന്ന് ഈ പേരുകൾ പറഞ്ഞ് ആളുകളെ കബളിപ്പി ച്ച് ഉപജീവനം നടത്തുവാനാണ് ഒരുവിഭാഗം ശ്രമംനടത്തുന്നത് എന്ന താണ് ദു:ഖകരം. വിവരമില്ലാത്ത സാധാരണക്കാർ ധരിച്ചുവെച്ചിരിക്കു ന്നത്, പ്രവാചകന്മാർക്ക് മുഅ്ജിസത്തും ഔലിയാക്കൾക്ക് കറാമ ത്തും അവർ ഉദ്ദേശിക്കുമ്പോഴൊക്കെ പ്രകടിപ്പിക്കാൻ കഴിയുമെന്നാ ണ്. ഇത് മതത്തെ കുറിച്ചുള്ള അജ്ഞതയും അല്ലാഹുവിനെ കുറിച്ചു ള്ള അറിവില്ലായ്മയും മാത്രമാണ. എന്നാലിന്ന്, കറാമത്താണെന്ന് ചി ലയാളുകൾ പറഞ്ഞുപരത്തുന്ന കള്ളക്കഥകളെക്കുറിച്ച് നമുക്ക് പറ യാനുള്ളത് അത് പിശാചിൽ നിന്നുള്ള കളികൾ മാത്രമാണ് എന്നാ ണ്. അതല്ലെങ്കിൽ ചില സൂത്രശാലികളായ കുബുദ്ധികൾ തങ്ങളാച രിക്കുന്ന ശിർക്കൻ വിശ്വാസത്തെ ജനങ്ങളിൽ പ്രചരിപ്പിക്കുവാനും താൻ ആദരിക്കുന്ന ശൈഖിനോ, ജാറത്തിനോ ഉള്ള വരുമാനം വർ ദ്ധിപ്പിക്കാനും അവിടേക്ക് ആളെക്കൂട്ടാനുമായി ഒപ്പിക്കുന്ന വേലകൾ

മാത്രമാണ് എന്നതാണ്. അതുമുഖേന അവിടേക്ക് നേർച്ചകളും കാണിക്കകളും ഒഴുകുകയും ചെയ്തേക്കും. മടിയന്മാരും, പണിയില്ലാത്തവരുമായ ചിലയാളുകൾ എക്കാലത്തും ആളുകളെ വഞ്ചിച്ചും ഹറാമുകൾ ഭക്ഷിച്ചും ഉപജീവനം കഴിക്കാൻ ഉണ്ടാകാറുണ്ട്.

മനുഷ്യൻ മരണപ്പെട്ട് ആത്മാവ് വേർപെട്ട് ശരീരമെല്ലാം ജീർണ്ണിച്ച് എല്ലുകളെല്ലാം നുരുമ്പിയശേഷം പിന്നേയും അവർക്ക് നമ്മെ സഹായിക്കാൻ കഴിയുമെന്ന് പറഞ്ഞാൽ ബുദ്ധിയുള്ള ഏതൊരാൾക്കാണ് അത് വിശ്വസിക്കാൻ കഴിയുക!? ഇത്തരം പൊള്ളത്തരങ്ങൾ വിശ്വസിക്കാൻ വിഡ്ഢികളായ പുരോഹിതന്മാരെയും അവരെ കണ്ണടച്ച് വിശ്വസിക്കുന്ന പാമരന്മാരെയുമല്ലാതെ കിട്ടുകയില്ല. അവർ പറഞ്ഞു പരത്തുന്ന കാര്യങ്ങളിലധികവും ജീവിച്ചിരിക്കുന്നവർക്ക് പോലും കഴിയില്ല, എന്നിട്ടല്ലേ മരണപ്പെട്ടവർക്കു കഴിയുക!! ഈ ഖുറാഫാത്തുകളിൽ വിശ്വസിക്കാൻ അല്ലാഹു നൽകിയ ബുദ്ധി നാം തള്ളിക്കളഞ്ഞുകൂടാ. തീക്ഷ്ണമായ ബുദ്ധിശക്തിയും ജ്വലിക്കുന്ന ചിന്തയും അല്ലാഹു നിശ്ചയിച്ച ശരീഅത്തിനും പ്രാപഞ്ചിക വ്യവസ്ഥകൾക്കും വിരുദ്ധമായ കാര്യങ്ങളിൽ വിശ്വസിക്കാനായി നാമൊരിക്കലും പണയപ്പെടുത്തിക്കൂടാത്തതുമാണ്.

## മുശ്രിക്കുകൾ അന്നും ഇന്നും

മഹാത്മാക്കളുടേതെന്ന് വാദിച്ചുകൊണ്ട് മഖ്ബറകളിലും ദർഗ്ഗകളിലും നടത്തിക്കൊണ്ടിരിക്കുന്ന ശിർക്കൻ പ്രവർത്തനങ്ങളെ ആരെങ്കിലും സദുദ്ദേശ്യത്തോടെ തിരുത്താൻ ശ്രമിച്ചാൽ ഉടനെ കേൾക്കുന്ന മറുപടി, നിങ്ങൾ പറയുന്നത് മക്കാമുശ്രിക്കുകൾ ജാഹിലിയ്യാ കാലത്ത് വിഗ്രഹങ്ങളെ ആരാധിച്ചിരുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഞങ്ങളൊരിക്കലും വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല, ഞങ്ങൾ മഹാന്മാരുടെ ഖബറുകളെ ആദരിക്കുകയും അവർ മുഖേനെ അല്ലാഹുവിനോട് ഇസ്തിഗാസ: (സഹായംതേടൽ) നടത്തുകയും മാത്രമാണ് ചെയ്യുന്നത്, എന്നായിരിക്കും! എന്നാൽ യാഥാർത്ഥമെന്തെന്നാൽ മരണപ്പെട്ടവരിൽ നിന്നും സഹായം തേടുക എന്നത് ഏത് പേരിലൂടെ പരിചയപ്പെടുത്തിയാലും അത് അവരോടുള്ള പ്രാർത്ഥന തന്നെയാണ്; അതാകട്ടെ ശിർക്കാണെന്ന് ഖുർആനും ഹദീസും വ്യക്തമാക്കിയിട്ടുള്ള കാര്യവുമാണ്. ഇവിടെ ജാഹിലിയ്യാ കാലത്തെ മുശ്രിക്കുകൾ ചെയ്തിരുന്ന ബിംബങ്ങളോട് സഹായം തേടിയിരുന്നതും ഇന്നത്തെ മുസ്ലിം നാമധാരികൾ ചെയ്യുന്നതും ഫലത്തിൽ ഒന്നുതന്നെ. സഹാ

യം ചോദിക്കപ്പെടുന്നത് വിഗ്രഹമോ ദർഗ്ഗയോ ജാറമോ മററു മൂർത്തികളോ ദേവിയോ ബീവിയോ ശൈഖോ ആരായിരുന്നാലും അതിനോട് (അവരോട്) സഹായം ചോദിക്കുന്നുണ്ടോ എങ്കിൽ വ്യത്യാസമൊന്നുമില്ല. നാട്ടിനിർത്തിയതോ കിടത്തിവെച്ചതോ എല്ലാം അക്കാര്യത്തിൽ സമമാണ്. ലാത്തയെപ്പോലുള്ള മഹാത്മാക്കളുടെ വിഗ്രഹങ്ങളെ വസീലയാക്കി അവരോട് പ്രാർത്ഥിച്ചിരുന്ന മക്കാമുശ്രിക്കുകളോട് അതിനെ സംബന്ധിച്ച് ചോദിക്കുമ്പോൾ അവർ പറഞ്ഞിരുന്ന മറുപടി ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

مَا نَعْبُدُهُمْ إلاَّ لِيُقَرِّبُونَا إلَى اللهِ زُلْفَى (الزمر 3)

''ഞങ്ങളെ അല്ലാഹുവിലേക്കടുപ്പിക്കാൻ വേണ്ടി മാത്രമാണ് ഞങ്ങളവരെ ആരാധിക്കുന്നത്''(സുമർ: 3).

(ഇവിടെ ആയത്തിൽ പറഞ്ഞ هُمْ (ഹും) എന്ന സർവ്വനാമം മനുഷ്യരെ സൂചിപ്പിക്കുന്നതാണ്. അതിൽനിന്നു തന്നെ അവർ വിഗ്രഹങ്ങളുടെ മുന്നിലാണ് നിന്നിരുന്നതെങ്കിലും അവരുടെ മനസ്സുകളിൽ മഹാത്മാക്കൾ തന്നെയായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്).

മേൽകൊടുത്ത ആയത്തിൽ അവരുടെ വാദമായി പറയുന്നത്, ഞങ്ങൾ ഞങ്ങളുടെ ആവശ്യ പൂർത്തീകരണത്തിനായി അവരെ ഞങ്ങളുടേയും അല്ലാഹുവിൻേറയും ഇടയിൽ മദ്ധ്യവർത്തികളാക്കി അവർ മുഖേന ചോദിക്കുകയാണ് ചെയ്യുന്നത് എന്നാണ്. ഇതുതന്നെയാണ് ഇന്നത്തെ ജാറപ്പൂജകരുടേയും വിശ്വാസമായി നമുക്ക് കാണാൻ കഴിയുന്നതും. രണ്ടും ലക്ഷ്യമൊന്നുതന്നെ ! ശിർക്ക് അന്നും ഇന്നും ഒരുപോലെതന്നെ തുടരുന്നു. പേരും ആളും വ്യത്യാസമുണ്ടെന്നു മാത്രം !! അത്കൊണ്ട് ആരേയും മക്കാമുശ്രിക്കുകളാക്കുകയല്ല, മറിച്ച് എല്ലാവരും മക്കാ മുസ്ലിംകളെ പോലെയാകണം എന്ന ആഗ്രഹമാണ് ഇതിൻെറ പിന്നിൽ.

## ശിർക്കിനു കാരണം സ്നേഹം തന്നെ !

എക്കാലത്തുമുള്ള ജനങ്ങളേയും ശിർക്കിലേക്ക് എത്തിച്ചിട്ടുള്ളത് അതിരുവിട്ട സ്നേഹ ബഹുമാനങ്ങളാണെന്ന് കാണാൻ കഴിയും. എന്നാലതും ഇബാദത്തായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. അതിനാൽ തന്നെ അതും അല്ലാഹുവിനോടു മാത്രമേ ആയിക്കൂടൂ. ഇന്നും ആളുകളിൽനിന്ന് നമുക്ക് കേൾക്കാൻ കഴിയുന്ന വാദം ഞങ്ങൾ

ഔലിയാക്കളെ സ്നേഹിക്കുകയാണ് ചെയ്യുന്നത്. നിങ്ങളാകട്ടെ അമ്പിയ, ഔലിയാക്കളെ സ്നേഹിക്കാത്തവരുമാണ് എന്നാണ്. എന്നാൽ അവരാകട്ടെ ശരീഅത്തിൻെറ പരിധി ലംഘിച്ചുകൊണ്ടുള്ള സ്നേഹാദരവുകളാണ് അവർക്കുനേരെ കാണിക്കുന്നത്. അവർ സത്യത്തിൽ അവരെ ആരാധിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിരുകവിഞ്ഞ സ്നേഹം കാരണത്താലാണ് ഇന്നവർ ഔലിയാക്കളുടെ പേരിൽ മൗലിദുകളുണ്ടാക്കുകയും, അവരുടെ മഖ്ബറകൾ കെട്ടിയുയർത്തി അവിടേക്ക് നേർച്ച വഴിപാടുകൾ നേരുകയും ഖബർ തൊട്ടുമുത്തുകയും ത്വവാഫും സുജൂദുവരെ ചെയ്തുകൊണ്ടിരിക്കുകയും അവരോട് സങ്കടമുണർത്തുകയും സഹായം തേടുകയും ചെയ്യുന്നത്. അപ്രകാരം തന്നെ അല്ലാഹുവിൻെറ പേരിൽ കള്ളസത്യം ചെയ്യാൻ പോലും മടിയില്ലാത്ത ഇവർ ഔലിയാക്കളുടെ പേരിൽ അത്യാവശ്യത്തിനായി സത്യം ചെയ്യാൻ പോലും തയ്യാറാകാറില്ല. അതുപോലെത്തന്നെ അല്ലാഹുവിനെ വല്ലവരും ചീത്ത പറഞ്ഞാൽ പോലും ക്ഷോഭിക്കാത്തവർ ഔലിയാക്കളെ ചീത്തപറഞ്ഞാൽ അങ്ങേയററം ദേഷ്യപ്പെടുന്നതും കാണാം. ഇതെല്ലാം അതിരുവിട്ടതും, അല്ലാഹുവിനേക്കാളധികം ഔലിയാക്കളെ സ്നേഹിക്കുന്നു എന്നതുമാണ് മനസ്സിലാക്കിത്തരുന്നത്. അതാകട്ടെ ശിർക്കാണുതാനും. അല്ലാഹു പറയുന്നത് എത്ര വ്യക്തം!

وَمِنَ النَّاسِ مَنْ يَتَّخِذُ مِنْ دُونِ اللهِ أَنْدَادًا يُحِبُّونَهُمْ كَحُبِّ اللهِ وَالَّذِينَ آمَنُوا أَشَدُّ حُبًّا لِلَّهِ

(البقرة 165).

''അല്ലാഹുവിനു പുറമെയുള്ളവരെ അവനു സമന്മാരാക്കുന്ന ചിലയാളുകളുണ്ട്, അല്ലാഹുവിനെ സ്നേഹിക്കുന്നതു പോലെ ആ ആളുകൾ അവരേയും സ്നേഹിക്കുന്നു. എന്നാൽ വിശ്വാസികളാകട്ടെ അവർ അല്ലാഹുവിനെ അതിശക്തമായി സ്നേഹിക്കുന്നവരാണ്'' (ബഖറ: 165).

**അല്ലാഹു അടിമകളുടെ സമീപത്തുണ്ട്**

അല്ലാഹു തൻെറ അടിമകളുടെ സമീപത്ത് തന്നെയുണ്ട് എന്നകാര്യം ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ (البقرة: 186)

‘‘നിന്നോട് എൻെറ ദാസന്മാർ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാൻ (അവരോട് ഏററവും) അടുത്തുള്ളവനാകുന്നു (എന്നുപറയുക) പ്രാ ർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിച്ചാൽ ഞാനാപ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ എങ്കിലവർ നേർവഴി പ്രാപിച്ചേക്കും’’ (ബഖറ: 186).

അല്ലാഹുവിൻേറയും അടിമകളുടേയുമിടയിൽ അവനോട് സങ്കടം പറയുകയും സഹായം തേടുകയും ചെയ്യുന്നതിന് തടസ്സം നിൽക്കുന്ന യാതൊരു മറയുമില്ലാ എന്നാണ് അല്ലാഹു വ്യക്തമാക്കുന്നത്. കാര്യം ഇത്രയും വ്യക്തമായിരിക്കെ മനുഷ്യന് എന്താവശ്യമാണുള്ളത് ദർഗ്ഗകളിലും ശവകുടീരങ്ങളിലും അഭയം തേടുവാൻ!? മനുഷ്യൻ അല്ലാഹുവിൽ ശരണം തേടിയും അവനോട് നേരിട്ട് പ്രാർത്ഥിച്ചും ഇസ്ലാം അനുവദിക്കുന്നതായ, സൽക്കർമ്മങ്ങളിലൂടെയും അല്ലാഹുവിൻെറ മഹത്തരമായ നാമ വിശേഷണങ്ങൾ മുൻനിർത്തിയുമുള്ള തവസ്സുൽ ചെയ്തും തൻെറ ആഗ്രഹങ്ങളും ആവശ്യങ്ങളും നേടിയെടുക്കണമെന്നതാണ് അല്ലാഹു അവനിൽ നിന്നുമാവശ്യപ്പെടുന്നത്; അതത്രെ നേർമാർഗ്ഗം പ്രാപിക്കാനുള്ള വഴിയും. അപ്രകാരം തന്നെ തൻെറ വിശ്വാസത്തിൻെറ പരിപൂർണ്ണതയിൽ പെട്ടതാണ് അല്ലാഹു അവൻ തന്നെയാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ അവൻ തന്നെയാണ് പ്രതാപവും അപമാനവും വരുത്തുന്നവൻ, അവൻ തന്നെയാണ് ഉപകാരവും ഉപദ്രവവും ഉടമപ്പെടുത്തുന്നവൻ, അവൻ തന്നെയാകുന്നു എല്ലാം നിയന്ത്രിക്കുന്നവനും, നന്മയും തിന്മയും അവനിൽ നിന്നുതന്നെ എന്നീ കാര്യങ്ങളിൽ ദൃഢമായി വിശ്വസിക്കുക എന്നുള്ളതും.

മനുഷ്യൻ എത്ര ഉന്നതനായാലും അല്ലാഹു ഒരുവനു കണക്കാക്കിയതിനേക്കാൾ എന്തെങ്കിലും കാര്യങ്ങൾ നേടിക്കൊടുക്കുവാനോ ഒരാൾക്കെന്തെങ്കിലും ദ്രോഹങ്ങൾവരുത്തുവാനോ സാധ്യമല്ലെന്നും അവൻ വിശ്വസിച്ചിരിക്കൽ നിർബന്ധമാണ്. നബി(ﷺ) പറയുന്നത് ശ്രദ്ധിക്കുക:

وَاعْلَمْ أنَّ الأُمَّةَ لَوِ اجْتَمَعَتْ عَلَى أنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ بِشَيْءٍ إلاَّ بِشَيْـءٍ قَـدْ كَتَبَـهُ اللهُ لَكَ، ولو اجْتَمَعُوا عَلَى أنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إلاَّ بِشَيْـءٍ قَـدْ كَتَـبَ اللهُ عَلَيْـكَ (الترمذي)

‘‘നീ മനസ്സിലാക്കുക, സമൂഹം മുഴുവനും നിനക്കൊരുപകാരം ചെയ്തു തരാൻ ഒരുമിച്ചു കൂടിയാലും അല്ലാഹു നിനക്കു തീരുമാനിച്ചു രേഖപ്പെടുത്തിയതല്ലാതെ നിനക്കു പ്രയോജനപ്പെടുന്നതല്ല, (അതുപോലെ) അവർ നിനക്കൊരു ഉപദ്രവം വരുത്താൻ ഒരുമിച്ചു ശ്രമിച്ചാലും അല്ലാഹു നിനക്കു രേഖപ്പെടുത്തിയതല്ലാതെ നിനക്കേൽക്കുന്നതുമല്ല.’’ (തിർമിദി)

സമൂഹം മുഴുവൻ ഒരുമിച്ചുശ്രമിച്ചാലും നിനക്ക് ഉപകാരമോ ഉപദ്രവമോ ഒന്നും വരുത്താൻ സാധ്യമല്ലെന്ന് പ്രവാചകൻ(ﷺ) പറഞ്ഞു തന്നാൽ പിന്നെ ഒരുവ്യക്തി അവൻ ജീവിച്ചിരിക്കുന്നവനോ മരിച്ചവനോ ആകട്ടെ അവനെങ്ങിനെയാണ് അല്ലാഹു തീരുമാനിക്കാത്ത ഒരുകാര്യത്തിൽ നിന്നെ സഹായിക്കാൻ കഴിയുക!? ഇല്ലായെങ്കിൽ പിന്നെ അല്ലാഹുവിനോടു തന്നെ സഹായം തേടിയാൽപേരേ ? അതെ, അതത്രെ ഖുർആൻ പറയുന്നത് ചിന്തിക്കുന്ന മനസ്സിന് അതു തന്നെ മതിയായതാണ് ‘‘അടിമക്ക് അല്ലാഹു പോരെ?’’ (സൂറ: സുഖ്റുഫ്)

അതുകൊണ്ട് സഹോദരന്മാരേ ആരെങ്കിലും മേൽപറയപ്പെട്ട ശിർക്കൻ വിശ്വാസത്തിലും ആചാരങ്ങളിലും പെട്ടുപോയിട്ടുണ്ടെങ്കിൽ അവർ ആത്മാർത്ഥമായി അല്ലാഹുവോട് പശ്ചാത്തപിക്കുകയും അത്തരം വിശ്വാസാചാരങ്ങളിൽ നിന്ന് പിന്മാറുകയും ചെയ്തുകൊള്ളട്ടെ. കാരണം ശിർക്കൻ വിശ്വാസത്തോടുകൂടി മരണപ്പെടുന്നവരുടെ മുഴുവൻ അമലുകളും അതോടെ ബാത്വിലായിത്തീരുകയും അവൻ നഷ്ടക്കാരിൽ പെട്ടുപോകുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നതു കാണുക:

إنَّهُ مَنْ يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الْجَنَّـةَ وَمَـأْوَاهُ النَّـارُ وَمـاَ لِلظـاَّلِمِينَ مِـنْ أَنْصـاَرٍ (المائدة 72)

‘‘അല്ലാഹുവോട് വല്ലവനും പങ്ക്ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസ സ്ഥലവുമായിരിക്കും. (അത്തരം) അക്രമികൾക്ക് സഹായിക ളായി ആരും തന്നെ ഉണ്ടാകുന്നതല്ല’’. (മാഇദ: 72).

സഹോദരന്മാരേ,
അല്ലാഹു നമുക്ക് നൽകിയ കണക്കല്ലാത്ത അനുഗ്രഹങ്ങൾ ആസ്വദി ച്ചു കൊണ്ട് നാം ഇവിടെ ജീവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, അല്ലാഹു നമുക്ക് കനിഞ്ഞേകിയ അനുഗ്രഹങ്ങൾ മതിയാകാതെ വരു മ്പോൾ നൽകിയ പടച്ചവനോടു തന്നെ വീണ്ടും ചോദിക്കുക. അല്ലാ ഹു പ്രയാസങ്ങളും വിഷമങ്ങളും  നൽകി നമ്മെ പരീക്ഷിക്കുമ്പോൾ അതിൽ നിന്നും നമ്മെ രക്ഷപ്പെടുത്താനും അവനോട് തന്നെ പറയു ക. ഇതാണ് ഇസ്ലാം നമ്മോടാവശ്യപ്പെടുന്നത്. ഇതൊരു പുതിയ ആ ശയമോ വാദമോ അല്ല. ഇതാണ് പ്രവാചകന്മാർ പഠിപ്പിച്ച ആരാധന യുടെ കാതലായ ഭാഗം. അതിനാൽ നമ്മുടെ ആരാധനകൾ ആത്മാർ ത്ഥമായും, അല്ലാഹുവിൽ ആരേയും പങ്ക് ചേർക്കാതേയും നിർവ്വഹി ക്കുക.. പ്രാർത്ഥന, സഹായാർത്ഥന എന്നീ പേരുകളിലൂടെ മററാരി ലേക്കും തിരിയാതിരിക്കുക. എല്ലാററിനും കഴിവുള്ള സർവ്വശക്തനാ യ അല്ലാഹുവിനെ മാത്രം ആശ്രയിക്കുക. ജീവിതത്തിൽ അല്ലാഹുവി ൻെറ കലാമായ വിശുദ്ധഖുർആനും അതിൻെറ വിവരണമായ പ്രവാ ചകചര്യയും സലഫുസ്സാലിഹുകൾ മനസ്സിലാക്കി ജീവിച്ച പ്രകാരം പ്രമാണമാക്കി ജീവിതം ക്രമപ്പെടുത്തുക. അവക്കെതിരായി മററുള്ളവ രെ അന്ധമായി അനുകരിച്ച് ശിർക്ക് ബിദ്അത്തുകളിൽ അകപ്പെട്ട് ഇഹവും പരവും നഷ്ടപ്പെടുത്താതിരിക്കുക. അല്ലാഹു അനുഗ്രഹിക്ക ട്ടെ. (ആമീൻ).

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلى آلِهِ وَصَحْبِهِ أَجْمَعِين (آمين).

***********